(7) കോളേജുകളിൽ റഗുലർ ലക്ചറർമാരുടെ നിയമനം

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, 1-6-1997 മുതൽ കോളേജുകളിൽ റഗുലർ ലക്ചറർമാരുടെ നിയമനം നിരോധിച്ചതുമൂലം എം.ഫിൽ., പി.എച്ച്.ഡി. തുടങ്ങിയ ഉയർന്ന വിദ്യാഭ്യാസയോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളിലേക്കാണ് ഞാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. കോളേജുകളിൽനിന്ന് പ്രീഡിഗ്രി കോഴ്സ് വേർപെടുത്തിയതുമൂലമാണ് ഈ നിരോധനമേർപ്പെടുത്തിയതെന്ന് പറയുന്നു. ഇപ്പോൾ തന്നെ മുന്നു വർഷത്തേക്ക് ഏർപ്പെടുത്തിയിരിക്കുന്ന നിരോധനം ഇനിയും രണ്ടോ മൂന്നോ വർഷത്തേക്കു നീണ്ടേക്കാമെന്ന് കേൾക്കുന്നു. യു.ജി.സി. ദേശീയാടിസ്ഥാനത്തിൽ നടത്തുന്ന ജെ.ആർ.എഫ്., എൻ.ഇ.ടി. തുടങ്ങിയ യോഗ്യതാപരീക്ഷകൾ ഉയർന്ന നിലവാരത്തിൽ പാസ്സായവരെയാണ് ഈ നിരോധനം പ്രതികൂലമായി ബാധിക്കുന്നത്. ദീർഘനാളായി നിരോധനം നിലനിൽക്കുന്നതിനാലും ഈ അടുത്തകാലത്ത് കോളേജുകളിൽ കൂടുതൽ കോഴ്സുകൾ അനുവദിച്ചിട്ടുള്ളതിനാലും കോളേജുകളിൽ ഒട്ടേറെ ഒഴിവുകളുണ്ടായിട്ടും ഈ നിരോധനംമൂലം നിയമനം നടത്തുവാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്. വർഷങ്ങൾ നീളുന്ന ഈ നിരോധനംമൂലം ഒട്ടേറെ ഉദ്യോഗാർത്ഥികളുടെ പ്രായപരിധി കഴിയുകയും തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ അവരുടെ മുൻപിൽ ഒരു ജോലിയ്ക്കുള്ള സാദ്ധ്യത എന്നെന്നേക്കുമായി കൊട്ടിയടക്കപ്പെടുകയുമാണ്. നിരോധനം നിലനിന്നകാലം ഉദ്യോഗനിയമനത്തിനുള്ള പ്രായപരിധിയിൽ ഇളവ് അനുവദിച്ചുകൊണ്ടും, നിരോധനം നീക്കി നിയമന സാദ്ധ്യത ഉറപ്പുവരുത്തിക്കൊണ്ടും ഈ പ്രശ്നം അടിയന്തിരമായി പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, പ്രീഡിഗ്രി കോളേജുകളിൽനിന്നും ഡിലിങ്ക് ചെയ്യുമ്പോൾ സ്വാഭാവികമായും ഗവൺമെന്റ് സ്ഥാപനങ്ങളിലും സഹകാര്യ കോളേജുകളിലും നിരവധി തസ്തികകൾ കൂടുതലായി ഉണ്ടാകും. ആവശ്യത്തിലേറെ അദ്ധ്യാപകർ അവിടെയുണ്ടാകുമെന്ന് കണക്കാക്കിയതിന്റെ അടിസ്ഥാനത്തിൽ ഈ നിയമസഭ തന്നെയാണ് പ്രീഡിഗ്രി അബ്സോർപ്ഷൻ നിയമനം പാസ്സാക്കിയിട്ടുള്ളത്. അപ്പോൾ താൽക്കാലികമായി ഈ ഒഴിവുകൾ നികത്താൻ കുറെയേറെ അദ്ധ്യാപകരുണ്ടാകും. പക്ഷേ ചില ഡിപ്പാർട്ടുമെന്റുകളിൽ ഇടവേളയിൽ ആവശ്യത്തിന് അദ്ധ്യാപകർ ഉണ്ടാവുകയില്ല. അതിന് ഗസ്റ്റ് ലക്ചറർമാരെ നിയമിച്ച് ഈ പ്രശ്നം പരിഹരിക്കാനാണ് തീരുമാനമെടുത്തിട്ടുള്ളത്. ഇവിടെ ഉന്നയിച്ച ഒരു കാര്യം, ഈ കാലയളവിൽ പ്രായപരിധി കഴിഞ്ഞുപോകുന്ന ഉദ്യോഗാർഥിയുടെ കാര്യമാണ്. അത് പ്രത്യേകമായി പരിശോധിക്കാം.

(8) കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി പ്രസ്സ് ആക്കി മാറ്റാൻ നടപടി

ശ്രീ. കെ. ബാബു : സർ, എറണാകുളത്തെ തൃക്കാക്കരയിൽ പ്രവർത്തിക്കുന്ന കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻ സൊസൈറ്റി എന്നുപറയുന്ന സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളാകെ ഇന്ന് സ്തംഭിച്ചിരിക്കുകയാണ്. ഈ സ്ഥാപനം പാഠപുസ്തകങ്ങൾ അച്ചടിക്കുന്നതിനുവേണ്ടി മാത്രമായി 1976-ൽ ട്രാവൻകൂർ കൊച്ചിൻ ലിറ്റററി സൊസൈറ്റി ആന്റ് ചാരിറ്റബിൾ സൊസൈറ്റി ആക്ടിന്റെ അടിസ്ഥാനത്തിൽ ആരംഭിച്ച സ്ഥാപനമാണ്. അച്ചടിയുടെ കാര്യി

LIBRARY ARCHIVES Kerala Legislative Assembly